**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 838** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ സൗരോർജ്ജ തൂക്കുവേലി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** എറണാകുളം, തൃശ്ശൂർ ജില്ലകളിലെ മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നബാർഡ് സഹായത്തോടെ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ;

**<u>മറുപടി:</u>** എറണാകുളം, തൃശ്ശൂർ ജില്ലകളുടെ പരിധികളിൽ വരുന്ന മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നബാർഡ് സഹായത്തോടെ നടപ്പിലാക്കി സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതിയും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന വിവരങ്ങളും ചുവടെ ചേർക്കുന്നു.

1. മലയാറ്റൂർ വനം ഡിവിഷൻ: മലയാറ്റൂർ വനം ഡിവിഷനിൽ നബാർഡ് സഹായത്തോടെ 30 കി.മീ ദൂരത്തിൽ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 6 കി.മീ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 24 കി മീറ്റർ തൂക്കുവേലിയിൽ 6 കി.മീ ദൂരം പ്രാരംഭ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രവൃത്തികൾ ടി സാമ്പത്തിക വർഷം ചെയ്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

2. ചാലക്കുടി വനം ഡിവിഷൻ: ചാലക്കുടി വനം ഡിവിഷനിലെ പരിയാരം ഫോറസ്റ്റ് റേഞ്ചിലെ കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ തുമ്പൂർമുഴി മുതൽ കണ്ണൻകുഴിത്തോട് വരെയുള്ള ഭാഗത്ത് 18 കി.മീ ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ തുമ്പൂർമുഴി മുതൽ പിള്ളപ്പാറ പാർക്കിംങ് ഗ്രൗണ്ട് വരെ 10കി.മീ പ്രവൃത്തി പൂർത്തീകരിച്ചു. 2 കി.മീ ദൂരത്തിൽ കോൺക്രീറ്റ് ചെയ്ത് പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടന്നുവരുന്നു. അവശേഷിക്കുന്ന പ്രവൃത്തികൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. വാഴച്ചാൽ വനം ഡിവിഷൻ : വാഴച്ചാൽ ഡിവിഷനു കീഴിൽ 30 കി.മീ. ദൂരത്തിലാണ് സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കേണ്ടത് . ഇതിൽ അതിരപ്പിള്ളി റേഞ്ചിൽ 8 കി.മീ. ദൂരത്തിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രവൃത്തികൾ ടി സാമ്പത്തിക വർഷം ചെയ്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**(ബി)** പ്രസ്തുത സൗരോർജ്ജ തൂക്കുവേലി ഓരോ ഡിവിഷന് കീഴിലും എത്ര ദൂരമാണ് സ്ഥാപിക്കുന്നതെന്നും നിലവിൽ ഓരോ ഡിവിഷനിലും എത്ര ദൂരം സ്ഥാപിച്ചുവെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വിശദമാക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**